കണ്ണൂർ സർവ്വകലാശാല

(സംഗ്രഹം)

കണ്ണൂർ സർവകലാശാല - 2015 അധ്യയന വർഷം മുതൽ യു.ജി.സി, Distance Education Bureau (DEB) യുടെ അംഗീകാരം ഇല്ലാത്ത ഭാരതിയാർ യൂണിവേഴ്സിറ്റി ഉൾപ്പെടെയുള്ള ഇതര സർവകലാശാലകൾ വിദൂര വിദ്യാഭ്യാസം മുഖേന നൽകുന്ന ബിരുദങ്ങൾക്ക് തുല്യത / അംഗീകാരം നൽകുന്നത് താത്ക്കാലികമായി നിർത്തിവച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് ഡി വിഭാഗം

അക്കാഡ് ഡി/D1/20817/2022 തീയതി: 21.08.2025

---

പരാമർശം:-1. ഭാരതിയാർ യൂണിവേഴ്സിറ്റി ഉൾപ്പെടെയുള്ള ഇതര സർവകലാശാലകൾ വിദൂര വിദ്യാഭ്യാസം മുഖേന നൽകുന്ന ബിരുദങ്ങൾക്ക് തുല്യത / അംഗീകാരം നൽകുന്നത് സംബന്ധിച്ച ലഭിച്ച പരാതികൾ.

2. നോട്ട് നം . ACAD D/D1/20817/2022 തീയതി 14.06.2025.

3. 16.07.2025 തീയതിയിലെ ഇതേ ഫയലിലെ വൈസ് ചാൻസലറുടെ ഉത്തരവ്.

4. 12.08.2025 തീയതിയിൽ സിൻഡിക്കേറ്റ് മിനുട്സ് (Item No.2025.558).

ഉത്തരവ്

1. പരാമർശം (1) പ്രകാരം 2015 അധ്യയന വർഷം മുതൽ യു.ജി.സി, Distance Education Bureau (DEB) യുടെ അംഗീകാരം ഇല്ലാത്ത ഭാരതിയാർ യൂണിവേഴ്സിറ്റി ഉൾപ്പെടെയുള്ള ഇതര സർവകലാശാലകൾ വിദൂര വിദ്യാഭ്യാസം മുഖേന നൽകുന്ന ബിരുദങ്ങൾക്ക് തുല്യത / അംഗീകാരം നൽകുന്നത് നിർത്തലാക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാതികൾ ലഭിച്ചിട്ടുണ്ട്.

2. പരാമർശം (2) പ്രകാരം ഭാരതിയാർ യൂണിവേഴ്സിറ്റി ഉൾപ്പെടെയുള്ള ഇതര സർവകലാശാലകളുടെ വിദൂര വിദ്യാഭ്യാസ ബിരുദങ്ങൾ തുല്യതയ്ക്കായി പരിഗണിക്കുമ്പോൾ അപേക്ഷകർ പ്രവേശനം നേടിയ സമയത്ത് UGC യുടെ Distance Education Council (DEC) / Distance Education Bureau (DEB) യുടെ അംഗീകാരം ഉണ്ടെന്ന് യു.ജി.സി യുടെ ഔദ്യോഗിക വെബ്സൈറ്റ് പരിശോധിച്ച് ഉറപ്പുവരുത്തിയതിന് ശേഷം മാത്രം തുല്യത/ അംഗീകാര സർട്ടിഫിക്കറ്റ് അനുവദിക്കുന്ന വിഷയം അക്കാഡമിക് കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

3. പരാമർശം (3) പ്രകാരം, ബഹു.വൈസ് ചാൻസലർ ഈ വിഷയങ്ങൾ വിശദമായി പരിശോധിക്കുകയും 2015 അധ്യയന വർഷം മുതൽ യു.ജി.സി, Distance Education Bureau (DEB) യുടെ അംഗീകാരം ഇല്ലാത്ത ഭാരതിയാർ യൂണിവേഴ്സിറ്റി ഉൾപ്പെടെയുള്ള ഇതര സർവകലാശാലകൾ വിദൂര വിദ്യാഭ്യാസം മുഖേന നൽകുന്ന ബിരുദങ്ങൾക്ക് തുല്യത / അംഗീകാരം നൽ കുന്നത് **താത്ക്കാലികമായി നിർത്തലാക്കുന്നതിന്** അനുമതി നൽകുകയും ഈ വിഷയം സിണ്ടിക്കേറ്റിന്റെ ശ്രദ്ധയിൽ പെടുത്തുന്നതിനും ഉത്തരവായിട്ടുണ്ട്.

4. പരാമർശം (4) പ്രകാരം 2015 അധ്യയന വർഷം മുതൽ യു.ജി.സി, Distance Education Bureau

(DEB) യുടെ അംഗീകാരം ഇല്ലാത്ത ഭാരതിയാർ യൂണിവേഴ്സിറ്റി ഉൾപ്പെടെയുള്ള ഇതര സർവകലാശാലകൾ വിദൂര വിദ്യാഭ്യാസം മുഖേന നൽകുന്ന ബിരുദങ്ങൾക്ക് തുല്യത / അംഗീകാരം നൽകുന്നത് താത്ക്കാലികമായി നിർത്തലാക്കുന്നതിന് ബഹു.വൈസ് ചാൻസലർ അനുമതി നൽകിയ കാര്യം സിൻഡിക്കേറ്റ് ശ്രദ്ധിച്ചിട്ടുണ്ട്.

5. അതിനാൽ 2015 അധ്യയന വർഷം മുതൽ യു.ജി.സി, Distance Education Bureau (DEB) യുടെ അംഗീകാരം ഇല്ലാത്ത ഭാരതിയാർ യൂണിവേഴ്സിറ്റി ഉൾപ്പെടെയുള്ള ഇതര സർവകലാശാലകൾ വിദൂര വിദ്യാഭ്യാസം മുഖേന നൽകുന്ന ബിരുദങ്ങൾക്ക് തുല്യത / അംഗീകാരം നൽകുന്നത് താത്ക്കാലികമായി നിർത്തിവെച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദനുസൃതമായി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

ഒപ്പ്/-

**ബിന്ദു കെ. പി. ജി**

**ഡെപ്യൂട്ടി രജിസ്ട്രാർ (അക്കാഡമിക്)**

രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:വി സി യുടെ പി എസ് / രജിസ്ട്രാറുടെ പി എ / സി ഇ യുടെ പി എ / ഡി ആർ അക്കാഡമിക് / എ ആർ അക്കാഡ് II / സ്റ്റോക്ക് ഫയൽ

പകർപ്പ്: 1. സെക്രട്ടറി, കേരള പി എസ് സി
2. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്, കേരള സർക്കാർ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ